പത്രക്കുറിപ്പ്

KERALA STATE COMMISSION FOR
PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O.,
Thiruvananthapuram - 695 034
Phone : 0471 - 2326603/04/05
E-mail : pro.cpcr@gmail.com

17.07.2025

# ബാലാവകാശ കമ്മിഷൻ
# സ്കൂൾ കൗൺസിലർമാർക്ക് ദ്വിദിന പരിശീലനം നൽകി

തിരുവനന്തപുരം : സംസ്ഥാന ബാലാവകാശ കമ്മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കൗൺസിലർമാർക്ക് സംസ്ഥാനതലത്തിൽ ദ്വിദിന പരിശീലനം നൽകി. പരിപാടിയുടെ ഉദ്ഘാടനം കമ്മിഷൻ ചെയർപേഴ്സൺ കെ.വി മനോജ്കുമാർ നിർവ്വഹിച്ചു. തമ്പാന്നൂർ ശിക്ഷക് സദനിൽ നടക്കുന്ന പരിപാടിയിൽ കമ്മിഷൻ അംഗം കെ.കെ ഷാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ ബി.മോഹൻകുമാർ സ്വാഗതവും സെക്രട്ടറി എച്ച്.നജീബ് നന്ദിയും പറഞ്ഞു. അംഗങ്ങളായ എൻ.സുനന്ദ, ജലജമോൾ റ്റി.സി, സിസിലിജോസഫ്, കെ.കെ.ഷാജു, ഡോ.എഫ്.വിൽസൺ എന്നിവർ പങ്കെടുത്തു. കേരളത്തിലെ കുടുംബപ്രശ്നങ്ങൾ മാതാപിതാക്കളിലെ തൊഴിൽ സമ്മർദ്ദം സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം അധ്യാപക വിദ്യാർത്ഥി ബന്ധത്തിലെ മാറ്റങ്ങൾ മുതലായവ കുട്ടികളുടെ മാനസികാരോഗ്യത്തെയും വിദ്യാഭ്യാസത്തെയും ദോഷകരമായി ബാധിക്കുന്നു. എല്ലാ സ്കൂളുകളിലും കൗൺസിലറുടെ സേവനം ലഭ്യമാക്കുകയും ആവശ്യാനുസരണം കുട്ടികൾക്ക് കൗൺസിലിംഗ് ഉറപ്പാക്കുകയുമാണ് കമ്മിഷന്റെ ലക്ഷ്യം. കൗൺസിലിഗിലെ പുതിയ പ്രവണതകളെ കുറിച്ചും രീതികളെകുറിച്ചും മികച്ച പരിശീലനം നൽകുന്നത് കൗൺസിലർമാരുടെ നൈപുണ്യ വികസനത്തിന് ഗുണകരമാകും.

16ന് സാമൂഹ്യനീതി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഷീബ മുംതാസ് വിദ്യാർത്ഥികേന്ദ്രീകൃത കൗൺസിലിംഗ് സമീപനവും പ്രായോഗിക വെല്ലുവിളികളും എന്ന വിഷയം അവതരിപ്പിച്ചു. കൊല്ലം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ.മോഹൻ റോയ് കുട്ടികളിലെ വൈകാരിക പെരുമാറ്റ വെല്ലുവിളികൾ സംബന്ധിച്ച് ക്ലാസ് നൽകി. തുടർന്ന് കേരളത്തിലെ സമകാലീന സാമൂഹിക പശ്ചാത്തലത്തിൽ കുട്ടികളുടെ വിവിധ വിഷയങ്ങളിൽ ഗ്രൂപ്പ് ചർച്ച നടത്തി. 17 ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ.അരുൺ ബി നായർ ഡിജിറ്റൽ ഭീഷണികളും

മാനസികാരോഗ്യവും എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. തുടർന്ന് സ്കൂൾ കൗൺസിലിംഗിലെ വെല്ലുവിളികളും മുന്നോട്ടുള്ള വഴികളും സംബന്ധിച്ച് ഓപ്പൺഫോറം സംഘടിപ്പിച്ചു. ഒരു ജില്ലയിൽ നിന്നും 10 വീതം സ്കൂൾ കൗൺസിലർമാരെ തിരഞ്ഞെടുത്ത് മൊത്തം 140 പേർക്കാണ് ദ്വിദിന പരിശീലനം നൽകിയത്. കുട്ടികൾ നേരിടുന്ന വൈവിധ്യങ്ങളായ വിഷയങ്ങളെ സമഗ്രമായ രീതിയിൽ അപഗ്രഹിക്കുവാനും അവരുടെ മാനസികാരോഗ്യത്തെയും സമഗ്ര വികസനത്തെയും ബാധിക്കുന്ന പ്രധാന ഘടകങ്ങൾ തിരിച്ചറിയുന്നതിനും കമ്മിഷൻ ഒരു ഗവേഷണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസികാരോഗ്യം, വൈകാരിക വളർച്ച, പഠനസമ്മർദ്ദം, സുഹൃത്തുക്കളുമായുള്ള ബന്ധങ്ങൾ, പെരുമാറ്റ രീതികൾ അധ്യയന നിലവാരം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങളും വീക്ഷണങ്ങളും 8, 9, 10 ക്ലാസ്സുകളിലെ കുട്ടികളിൽനിന്നും അവരുടെ മാതാപിതാക്കളിൽനിന്നും അധ്യാപകരിൽ നിന്നും കൗൺസിലർമാർ മുഖേന ശേഖരിക്കുന്നതിന്റെ കൂടി ഭാഗമായാണ് ഇവർക്ക് ഗവേഷണ ഉപകരണങ്ങൾ പരിചയപ്പെടുത്തുന്ന പരിശീലനം സംഘടിപ്പിച്ചത്.

പബ്ളിക് റിലേഷൻസ് ഓഫീസർ